

# ഞാൻ എങ്ങനെ വുദൂഅ് ചെയ്യും?

ഈ മഹത്തായ മതാചാരത്തോട് അനുയോജ്യമായ രൂപത്തിൽ എങ്ങനെ വുദൂഅ് ചെയ്യാം എന്നതിന്റെ സചിത്ര വിശദീകരണം

# ഞാൻ എങ്ങനെ വുദൂഅ് ചെയ്യും?

**ഈ മഹത്തായ മതാചാരത്തോട് അനു യോജ്യമായ രൂപത്തിൽ എങ്ങനെ വുദൂഅ് ചെയ്യാം എന്നതിന്റെ സചിത്ര വിശദീകരണം**

مركز أصول
OsoulCenter

**ح جمعية الدعوة والإرشاد وتوعية الجاليات بالربوة ، ١٤٤٦ هـ**

**مركز أصول**

كيـف أتوضـأ: شـرح مصـور لكيفيـة الوضـوء مـع وقفـات مـع هـذه الشـعيرة العظيمـة باللغـة المليباريـة. / مركـز اصـول - ط ١. .- الريـاض ، ١٤٤٦ هـ

٤٨ ص ؛ ١٤.٨ x ٢١ سم

**رقم الإيداع: ١٤٤٦/١٩١٦١**

**ردمك: ٩٧٨-٦٠٣-٨٥٤٥-٠١-٠**

Osoul Center
www.osoulcenter.com

■ ഉസൂൽ സെന്റർ ആണ് ഈ പ്രസിദ്ധീകരണത്തിന്റെ രൂപകൽപന നിർവഹിച്ച് ഇത് തയ്യാറാക്കിയത്

■ ഉറവിടം സൂചിപ്പിച്ച് കൊണ്ടും ഉള്ളടക്കം മാറ്റാതെയും ഈ പ്രസിദ്ധീകരണം അച്ചടിക്കാനും ഏത് വിധേനെയും പ്രചരിപ്പിക്കാനും ഉസൂൽ സെന്റർ അനുവാദം നൽകുന്നു.

■ അച്ചടിക്കുമ്പോൾ ഉസൂൽ സെന്റർ അംഗീകരിച്ച ഗുണനിലവാര മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്

بسم الله الرحمن الرحيم



# ആമുഖം

الحمد لله ربِّ العالمين، وصلى الله وسلم على نبيِّنا محمد، وعلى آله وصحبه أجمعين، أما بعد.

ഇസ്‌ലാം ശുദ്ധിയുടെ മതമാണ്; അത് ശരീരം, വസ്ത്രം, സ്ഥലം എന്നിവയെ അഴുക്കിൽ നിന്നും, മനസുകളെ പാപങ്ങൾ, അധാർമികത, മോശം ഇച്ഛകൾ എന്നിവയിൽ നിന്നും ശുദ്ധീകരിക്കുന്നു.

ഒരു മുസ്‌ലിമിന് വിവിധ സന്ദർഭങ്ങളിൽ അല്ലാഹു ശുദ്ധീകരണം നിയമമാക്കിയിട്ടുണ്ട്. അതിലൊന്നാണ് ഇസ്‌ലാമിന്റെ തൂണും ഒരു അടിമയും തന്റെ രക്ഷിതാവും തമ്മിലുള്ള മഹത്തായ ബന്ധമുള്ള ആരാധനയുമായ നമസ്കാരം. അതിന്റെ മഹത്വമായിട്ടാണ് അതിന് മുന്നോടിയായി ബാങ്ക്, നല്ല വസ്ത്രം ധരിക്കൽ, വുദൂഅ് കൊണ്ടോ കുളി കൊണ്ടോ തയമ്മും കൊണ്ടോ ഉള്ള ശുദ്ധീകരണം എന്നിവയൊക്കെ അല്ലാഹു നിയമമാക്കിയത്.



അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക. നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മല മൂത്രവിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം." (സൂ. മാഇദഃ 6)

പ്രവാചകൻ (സ) പറഞ്ഞു: "നിങ്ങളിലൊരാൾക്ക് അശുദ്ധി ബാധിച്ചാൽ അവൻ വുദൂഅ് ചെയ്യുന്നത് വരെ അല്ലാഹു അവന്റെ നമസ്കാരം സ്വീകരിക്കുകയില്ല." (ബുഖാരി, മുസ്‌ലിം).

**വുദൂഇന് ധാരാളം ശ്രേഷ്ഠതകൾ ഉണ്ട്;** അത് വിശ്വാസത്തിന്റെ പാതിയാണ്, അത് മുഖേനെ അല്ലാഹു പാപങ്ങൾ മായ്ച്ച് കളയുകയും പദവികൾ ഉയർത്തുകയും ചെയ്യുന്നു, അത് സ്വർഗത്തിലേക്കുള്ള മാർഗവും അന്ത്യ നാളിൽ മുസ്‌ലിമിന് പ്രകാശവുമാണ്, അത് മുഖേനെ പിശാച് ഇട്ട കെട്ട് അഴിക്കപ്പെടുന്നു, അന്ത്യ നാളിൽ ഈ സമുദായത്തിന്റെ അടയാളവുമാണത്: അവർ വുദൂവിന്റെ ഫലമായി മുഖത്തും കൈ കാലുകളിലും പ്രകാശം പരത്തുന്നവരായിക്കൊണ്ട് കടന്ന് വരും.

അബൂ ഹുറയ്റ (റ) വിൽ നിന്നും, അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: "ഒരു മുസ് ലിം അല്ലെങ്കിൽ വിശ്വാസി വുദു എടുക്കുകയും അതിനായി തന്റെ മുഖം കഴുകുകയും ചെയ്താൽ അവന്റെ കണ്ണുകളുടെ നോട്ടം കൊണ്ട് അവൻ സ്വരൂപിച്ച പാപങ്ങളും ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാനത്തെ വെള്ളത്തുള്ളിയോടൊപ്പം ഒലിച്ച് പോകുന്നു. അവൻ തന്റെ കൈകൾ കഴുകുമ്പോൾ കൈകൾ സ്പർശിച്ചതുമൂലം അവൻ സ്വരൂപിച്ച പാപങ്ങളും ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാനത്തെ വെള്ളത്തുള്ളിയോടൊപ്പം ഒലിച്ച് പോകുന്നു. അവൻ തന്റെ കാൽപാദങ്ങൾ കഴുകുമ്പോൾ തിൻമക്കായി നടന്ന് പോയതുമൂലം അവൻ സ്വരൂപിച്ച പാപങ്ങളും ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന ത്തെ വെള്ളത്തുള്ളിയോടൊപ്പം ഒലിച്ച് പോകുന്നു. അങ്ങനെ അവൻ പാപ മുക്തനായി ത്തീരുന്നു". (മുസ്‌ലിം).

അബൂ ഹുറയ്റ (റ) വിൽ നിന്നും, അദ്ദേഹം പറഞ്ഞു: പറഞ്ഞു: നബി (സ) പറയുന്നത് ഞാൻ കേട്ടു: "എന്റെ സമുദായം വുളൂഇന്റെ അടയാളത്തിനാൽ കൈ കാൽ മുഖം വെളുത്തവരായി അന്ത്യ നാളിൽ വരും". (ബുഖാരി, മുസ്‌ലിം).



# ഉള്ളടക്കം

| വിഷയം | | പേജ് നമ്പർ |
|---|---|---|
| 1 | ശുദ്ധി ഇസ്‌ലാമിൽ | 11 |
| 2 | നമസ്കാരത്തിന് ആവശ്യമായ ശുദ്ധീകരണം | 13 |
| 3 | സ്ത്രീകളുമായി ബന്ധപ്പെട്ട വിധികൾ | 17 |
| 4 | മലമൂത്ര വിസർജ്ജന മര്യാദകൾ | 19 |
| 5 | ഞാൻ എങ്ങനെ വുദൂഅ് ചെയ്യും? | 23 |
| 6 | ഞാൻ എങ്ങനെ ജനാബത്ത് കുളിക്കും ? | 34 |
| 7 | ശുദ്ധീകരണവുമായി ബന്ധപ്പെട്ട പ്രത്യേക അവസ്ഥകൾ | 35 |
| 8 | മൂല്യ നിർണയ ചോദ്യങ്ങൾ | 40 |



# ശുദ്ധി ഇസ്‌ലാമിൽ

**ശുദ്ധി ഇസ്‌ലാമിൽ** അതി മൂല്യവത്തായ കാര്യമാണ്; അത് വെള്ളം കൊണ്ടുള്ള കേവല ശാരീരിക ശുദ്ധീകരണത്തിൽ പരിമിതപ്പെടുത്തുന്നില്ല. മറിച്ച്, അതിന്റെ ആശയം: മാലിന്യങ്ങളിൽ നിന്നും അശുദ്ധിയിൽ നിന്നുമുള്ള ശാരീരികവും ആത്മീയവുമായ വൃത്തിയും ശുദ്ധിയും കൈവരിക്കുക എന്നാണ്.

**ആത്മീയ ശുദ്ധീകരണം** എന്നാൽ, അല്ലാഹുവിൽ പങ്ക് ചേർക്കുന്നതിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും അസൂയ, വിദ്വേഷം, മുസ്‌ലിംകളോടുള്ള തെറ്റായ ചിന്ത, പക, പിശുക്ക്, വഞ്ചന എന്നിങ്ങനെയുള്ള ദുസ്സ്വഭാവങ്ങളിൽ നിന്നും ഹൃദയത്തെ മുക്തമാക്കലാണ്.

**ശാരീരിക ശുദ്ധീകരണം** എന്നാൽ ഭൗതികമായ മാലിന്യങ്ങളിൽ നിന്നോ നമസ്കാരം പോലെയുള്ള ചില ആരാധനകളിൽ നിന്നും തടയുന്ന വിശേഷണങ്ങളുള്ള കാര്യങ്ങളിൽ നിന്നോ ശുദ്ധിയാവുക എന്നാണ്. ഇങ്ങനെ ആരാധനകളെ തടയുന്ന വിശേഷണങ്ങൾക്ക് ഇസ്‌ലാമിൽ "അശുദ്ധി" എന്ന് പറയുന്നു. ഇത് ചെറിയ അശുദ്ധി ആണെങ്കിൽ വുദു കൊണ്ടോ വലിയ അശുദ്ധിയാണെങ്കിൽ കുളി കൊണ്ടോ വെള്ളത്തിന്റെ അഭാവത്തിൽ അവ രണ്ടിനും പകരമായി തയമ്മും കൊണ്ടോ ആണ് നീക്കുക.



# നമസ്കാരത്തിന് ആവശ്യമായ ശുദ്ധീകരണം

ഒരു അടിമയും തന്റെ രക്ഷിതാവും തമ്മിലുള്ള രഹസ്യ സംഭാഷണമാണ് നമസ്കാരം. തന്റെ രക്ഷിതാവിന്റെ മുന്നിൽ നിൽക്കുന്ന സമയത്ത് അവൻ ശുദ്ധി, വൃത്തി, ഭയഭക്തി എന്നിവയിലെല്ലാം ഏറ്റവും നല്ല രൂപത്തിലും ഏറ്റവും മഹത്തായ അവസ്ഥയിലുമായിരിക്കണം. അതിനാൽ നമസ് കാരം ഉദ്ദേശിക്കുന്ന വ്യക്തി തന്റെ മനസിലും ശരീരത്തിലും നമസ്കാര സ്ഥലത്തുമുള്ള എല്ലാവിധ മാലിന്യങ്ങളിൽ നിന്നും ശുദ്ധിയാകൽ അല്ലാഹു അവന്റെ മേൽ നിർബന്ധമാക്കി.



## നമസ്കരിക്കുന്നവൻ ശുദ്ധി നേടൽ അനിവാര്യമായ കാര്യങ്ങൾ

നമസ്കരിക്കുന്നവൻ അതിന് മുമ്പായി വലിയ അശുദ്ധി, ചെറിയ അശുദ്ധി, മാലിന്യങ്ങൾ എന്നിവയിൽ നിന്നെല്ലാം ശുദ്ധി നേടേണ്ടതാണ്. അതിന്റെ വിശദീകരണം ചുവടെ സൂചിപ്പിക്കുന്നു:

അശുദ്ധി: ശരീരത്തെ നമസ്കാരത്തിൽ നിന്നും തടയുന്ന കാര്യങ്ങളുടെ ആശയപരമായ വിശേഷണം. അവ രണ്ടിനമാണ്:

1. ചെറിയ അശുദ്ധി: മലമൂത്ര വിസർജനം, കീഴ്‌വായു, ഉറക്കം പോലെയുള്ള കാര്യങ്ങൾ കൊണ്ടാണ് ഇത് ഉണ്ടാവുക. വുദു ചെയ്യുന്നതോട് കൂടി ഇത് നീങ്ങിപ്പോവുകയും ചെയ്യുന്നു.

2. വലിയ അശുദ്ധി: ഇതിന് ജനാബത്ത് എന്ന് പറയപ്പെടുന്നു. ലൈംഗിക ബന്ധം, ഇന്ദ്രിയ സ്ഖലനം പോലെയുള്ള കാര്യങ്ങൾ കൊണ്ടാണ് ഇത് ഉണ്ടാവുക. ശരീരം മുഴുവൻ വെള്ളം ഒഴിച്ച് കുളിക്കുന്നതോട് കൂടി ഇത് നീങ്ങിപ്പോവുകയും ചെയ്യുന്നു.


മാലിന്യം (നജസ്) എന്നാൽ; മലം, മൂത്രം, ഒഴുകുന്ന രക്തം പോലെയുള്ള ഭൗതികമായ മാലിന്യങ്ങളാണ്. അത് വ്യത്തിയാകുന്നത് വരെ വെള്ളം ഉപ യോഗിച്ച് കഴുകിയാണ് അത് ശുദ്ധിയാക്കേണ്ടത്.

ഉദാഹരണമായി മൂത്രമൊഴിക്കുന്നതിനെ അശുദ്ധി എന്നും അതേ സമയം പുറത്ത് വരുന്ന മൂത്രത്തെ മാലിന്യമെന്നും പറയുന്നു.

നമസ്കരിക്കുന്നവൻ അശുദ്ധിയിൽ നിന്നും മാലിന്യങ്ങളിൽ നിന്നും ശുദ്ധിയായിരിക്കൽ നിർബന്ധമാണ്:

- അവൻ ചെറിയ അശുദ്ധിയുള്ളവനാണെങ്കിൽ വുദു ചെയ്യണം.
- അവൻ വലിയ അശുദ്ധിയുള്ളവനാണെങ്കിൽ കുളിക്കണം.

നമസ്കരിക്കുന്നവൻ മൂന്ന് കാര്യങ്ങൾ ഭൗതികമായ മാലിന്യങ്ങളിൽ നിന്നും ശുദ്ധമാക്കണം:





# സ്ത്രീകളുമായി ബന്ധപ്പെട്ട വിധികൾ

**ശുദ്ധീകരണത്തിന്റെ വിഷയത്തിൽ പൊതുവെ സ്ത്രീകൾ പുരുഷന്മാരെ പോലെ തന്നെയാണ്.** എന്നാൽ ആർത്തവം, ഗർഭം, പ്രസവം എന്നിവ പോലെ അല്ലാഹു അവരെ വ്യത്യസ്തമാക്കിയ വിഷയത്തിൽ അവർക്ക് ചില പ്രത്യേകതകൾ ഉണ്ട്; അതാകട്ടെ ഭൂമിയിൽ മനുഷ്യ കുലം നിലനിർത്താനുള്ള അല്ലാഹുവിന്റെ യുക്തിയിൽ പെട്ടതാണ്. അത് കൊണ്ട് തന്നെ അവരുടെ ശാരീരികവും മാനസികവുമായ അവസ്ഥകളെ പരിഗണിച്ച് കൊണ്ടാണ് മതനിയമങ്ങൾ ഉരുത്തിരിഞ്ഞിട്ടുള്ളത്. അതിനാൽ തന്നെ ആർത്തവ, പ്രസവ രക്തങ്ങളുടെ സന്ദർഭത്തിൽ നമസ്കാരത്തിന്റെ നിർബന്ധത അവളിൽ നിന്നും ഒഴിവാകുന്നു. അതോടൊപ്പം തന്നെ ഈ രണ്ട് അവസ്ഥകളിലും അവൾക്ക് ശുദ്ധീകരണവും നമസ്കാരവും ഇല്ല. എന്നാൽ ആർത്തവ, പ്രസവ രക്തങ്ങൾ നിലച്ചാൽ അവ രണ്ടും അവളുടെ മേൽ നിർബന്ധമാവുകയും ചെയ്യും.

ഒരു സ്ത്രീ മുടി മെടഞ്ഞിട്ടുണ്ടെങ്കിലും ജനാബത്ത് കുളിക്കുന്ന സമയത്ത് മുടിയിലും തലയിലും മുഴുവനായി വെള്ളം എത്തുമെങ്കിൽ അവൾ മെടഞ്ഞ മുടി അഴിക്കൽ നിർബന്ധമില്ല.





# മലമൂത്ര വിസർജ്ജന മര്യാദകൾ

ഒരു മുസ്‌ലിമിന്റെ ജീവിതമൊന്നാകെ ഇസ്‌ലാം വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തന്നെ നാൽക്കാലികളിൽ നിന്നും വിഭിന്നമായ ഒരു ജീവിത രീതി മുസ്‌ലിമിന് ഉണ്ടായിത്തീരുന്നു. ഇസ്‌ലാമിനെ കുറിച്ച് മനസ്സിലാക്കിയിട്ടില്ലാത്ത ആളുകളുടെ ഭാവനയിൽ പോലും വന്നിട്ടില്ലാത്ത, മുഴുവൻ മനുഷ്യർക്കും അനിവാര്യമായ പ്രാഥമികാവശ്യ നിർവഹണം പോലുള്ള കാര്യങ്ങളിൽ പോലും ഒരു വ്യവസ്ഥ ഇസ്‌ലാം നിഷ്കർഷിച്ചിട്ടുണ്ട്.

**ഇസ്ലാമിലെ പ്രാഥമികാവശ്യ നിർവഹണ മര്യാദകളിൽ പെട്ടതാണ്:**

- ഇടത് കാൽ മുന്തിക്കുക: മലമൂത്ര വിസർജ്ജന സ്ഥലത്ത് (ടോയ്ലറ്റ്) പ്രവേശിക്കുമ്പോൾ ഇടത് കാൽ മുന്തിക്കുക. ഒപ്പം «اللّهُـمَّ إنِّـي أَعُـوذُ بِكَ مِنَ الخبُثِ والخَبَائِـثِ». എന്ന പ്രാർത്ഥന ചൊല്ലുകയും ചെയ്യുക.

- അവിടെ നിന്ന് പുറത്ത് വരുമ്പോൾ വലത് കാൽ മുന്തിക്കുക. ഒപ്പം «غُفْرَانَـكَ» എന്ന പ്രാർത്ഥന ചൊല്ലുകയും ചെയ്യുക.

- മലമൂത്ര വിസർജ്ജന സമയത്ത് ഖിബ്ലക്ക് മുന്നിടുകയോ പിന്നിടുകയോ ചെയ്യാതിരിക്കുക. കെട്ടിടത്തിന് ഉള്ളിൽ അല്ലെങ്കിൽ അങ്ങിനെ ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

- നഗ്നത മറക്കുക: കെട്ടിടത്തിന് ഉള്ളിൽ ആണെങ്കിലും അല്ലെങ്കിലും ആളുകളുടെ കാഴ്ച്ചയിൽ നിന്നും നഗ്നത മറക്കുക.

- ജനങ്ങൾ ഉപയോഗിക്കുന്ന വഴിയിലോ ആളുകൾ ഇരിക്കുന്ന സ്ഥലത്തോ അതല്ലെങ്കിൽ മലമൂത്ര വിസർജനം കൊണ്ട് മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാകുന്ന സ്ഥലത്തോ മലമൂത്ര വിസർജനം നടത്താതിരിക്കുക.

- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മലമൂത്ര വിസർജനം നടത്താതിരിക്കുക.

- ജീവികളുടെ മാളങ്ങൾ പോലുള്ളവയിൽ മലമൂത്ര വിസർജനം നടത്താതിരിക്കുക.

- മൂത്രം ശരീരത്തിലോ വസ്ത്രത്തിലോ തെറിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തുക.

ഇടത് കൈ ഉപയോഗിക്കുക.: ഇസ്തിന്ജാഅ് (ഗുഹ്യാവയവങ്ങൾ വെള്ളം കൊണ്ട് ശുദ്ധീകരിക്കൽ) സമയത്തും ഇസ്തിജ്മാറ് (ഗുഹ്യാവയവങ്ങൾ കല്ല് , പേപ്പർ എന്നിവ പോലുള്ളത് കൊണ്ട് ശുദ്ധീകരിക്കൽ) സമയത്തും ഇടത് കൈ ഉപയോഗിക്കുക.

**ശുചീകരണം ഇസ്തിന്ജാഇൽ മാത്രമായി ചുരുക്കുന്നതോ ഇസ്തിജ്മാറിൽ മാത്രമായി ചുരുക്കുന്നതോ അവ രണ്ടും ചെയ്യുന്നതോ അനുവദനീയമാണ്. ഇതൊക്കെ ഇസ്ലാമിന്റെ ലഘുത്വത്തിൽ പെട്ടതാണ്.**



**വ്യക്തി ശുചിത്വം പാലിക്കാൻ ഇസ്ലാം നിർദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമാണ് പ്രാഥമിക കാര്യങ്ങൾ നിർവഹിച്ച് കഴിഞ്ഞാൽ സാധിക്കുമെങ്കിൽ ഇരു കൈകളും വെള്ളം ഉപയോഗിച്ച് ശുദ്ധമാക്കാൻ മുസ്ലിമിനോട് നിർദേശിക്കപ്പെട്ടത്.**



# വുദുവിന്റെ രൂപം, സചിത്ര വിശദീകരണം

**വുദൂഅ്  ചെയ്യുന്നതിന് മുമ്പായി ഒരു മുസ്ലിം താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കിയിരിക്കൽ വളരെ പ്രധാനമാണ്;**

- നിയ്യത്ത് ഇല്ലാതെ വുദൂവില്ല, അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കാതെ നിയ്യത്തും ശരിയാവുകയില്ല, നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണ്,  നാവല്ല.
- വുദുവിന്റെ അവയവങ്ങൾ കഴുകുന്നതിൽ ക്രമം പാലിക്കേണ്ടതും അവയവങ്ങൾ കഴുകുന്നതിൽ തുടർച്ച ഉണ്ടാകേണ്ടതും അനിവാര്യമാണ്. അഥവാ ഒരു അവയവവും കഴുകുന്നത് അതിന്റെ സ്ഥാനത്ത് നിന്ന് മുന്തിച്ചോ പിന്തിച്ചോ ആകരുത്, അപ്രകാരം തന്നെ ഒരവയവം കഴുകി കഴിഞ്ഞാൽ അധികം വൈകാതെ തന്നെ ശേഷമുള്ള അവയവവും കഴുകണം.

**ബാർകോഡ് സ്കാൻ ചെയ്ത് സമ്പൂർണമായ വുദുവിന്റെ രൂപം പഠിപ്പിക്കുന്ന ഫയൽ കാണുക**



1 **നിയ്യത്ത്:** അശുദ്ധി നീക്കാനായി വുദു ചെയ്യുന്നു എന്ന് നാം നിയ്യത്ത് (വാക്ക് ഉച്ചരിക്കാതെ മനസ്സിൽ കരുതൽ) ചെയ്യണം; ഒരാൾ വുദു എന്ന ആരാധന കരുതാതെ അവയവങ്ങൾ കഴുകുന്നത് പോലെ നിയ്യത്ത് ഇല്ലാതെ വുദു ചെയ്താൽ അത് ശരിയാവുകയില്ല, അതോടൊപ്പം അത് അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കുകയും വേണം.




2 **ബിസ്മി ചൊല്ലൽ:** വുദുവിന്റെ ആദ്യത്തിൽ ബിസ്മി ചൊല്ലണം. “ബിസ്മില്ലാഹ്” എന്ന് പറഞ്ഞു കൊണ്ടാണ് വുദു ആരംഭിക്കേണ്ടത്. ശേഷം സാധിക്കുമെങ്കിൽ വായ വൃത്തിയാക്കാനായി ദന്ത ശുദ്ധീകരണം നടത്തണം.



3

**കൈപ്പടങ്ങൾ കഴുകൽ:** ഇരു കൈപ്പടങ്ങളും നാം മണിബന്ധം വരെ മൂന്ന് പ്രാവശ്യം കഴുകണം. വിരലുകളുടെ അറ്റം മുതൽ ആരംഭിച്ച് കൈപ്പടങ്ങളുടെ സന്ധി വരെയാണ് കഴുകേണ്ടത്.



4

**വായിൽ വെള്ളം കൊപ്ലിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും:**

A- വായിൽ വെള്ളം കൊപ്ലിക്കൽ: അഥവാ വായിൽ വെള്ളമെടുത്ത് വെള്ളം വായക്ക് ഉള്ളിൽ ചലിപ്പിച്ച ശേഷം തുപ്പി കളയൽ.

B- മൂക്കിൽ വെള്ളം കയറ്റൽ: വലത് കയ്യിൽ വെള്ളമെടുത്ത് ശ്വാസത്തോടൊപ്പം അത് മൂക്കിലേക്ക് കയറ്റുക.





C- മൂക്കിലെ വെള്ളം ചീറ്റി കളയൽ: ഇടത് കൈകൊണ്ട് ശ്വാസത്തോടൊപ്പം മൂക്കിലെ വെള്ളം ചീറ്റി പുറത്ത് കളയൽ.

D- നോമ്പ് കാരനല്ലെങ്കിൽ വായിൽ വെള്ളം കൊപ്ലിക്കുന്നതും മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നതും അധികരിപ്പിക്കൽ നബിചര്യയിൽ പെട്ടതാണ്.

E- വെള്ളം കൊപ്ലിക്കുന്നതും മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നതും രണ്ട് വിധത്തിൽ ചെയ്യാവുന്നതാണ്.

- വസ്ൽ: ഒരു കൈക്കുമ്പിൾ വെള്ളമെടുത്ത് അതിന്റെ പകുതി കൊണ്ട് കൊപ്ലിക്കുകയും ബാക്കി പകുതി കൊണ്ട് മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുന്ന രീതി, ഇപ്രകാരം മൂന്ന് തവണ ചെയ്യുക.
- ഫസ്ൽ: ഒരു കൈക്കുമ്പിൾ വെള്ളമെടുത്ത് കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നതിന് മറ്റൊരു കൈക്കുമ്പിൾ വെള്ളമെടുക്കുകയും ചെയ്യുന്ന രീതി, ഇപ്രകാരവും മൂന്ന് തവണ ചെയ്യുക.



5 **മുഖം കഴുകൽ:** മുഖത്തിന്റെ അതിര്; നീളത്തിൽ നെറ്റിയുടെ മേലെ മുടി മുളക്കുന്ന സ്ഥലം മുതൽ കീഴ്പോട്ട് താടിയുടെ അവസാനം വരെയാണ്. വീതിയിൽ രണ്ട് ചെവികളുമാണ്.







അതോടൊപ്പം താടി, മീശ, പുരികങ്ങൾ, കീഴ്ചുണ്ടിന് താഴെയുള്ള രോമങ്ങൾ തുടങ്ങി മുഖത്തെ രോമങ്ങളും കഴുകൽ നിർബന്ധമാണ്.

6

**ഇരു കൈകളും കഴുകുക:** വലതു കയ്യുടെ വിരലിന്റെ അറ്റം മുതൽ ആരംഭിക്കുകയും കൈ വിരലുകൾ കോർത്ത് ചിക്കകറ്റി മുട്ട് വരെ വെള്ളമെത്തിച്ച് കഴുകുക. അപ്രകാരം തന്നെ ഇടത് കൈയും കഴുകുക.







7

**തല തടവുക:** പുതുതായി വെള്ളമെടുത്ത് ഇരു കൈകളും നനക്കുക. ശേഷം ഇരു കൈകളും തലയുടെ മുൻഭാഗത്ത് വെച്ച് അവരണ്ടും പിന്ഭാഗത്തേക്ക് തടവി പോവുകയും ശേഷം തുടങ്ങിയിടത്തേക്ക് തന്നെ തിരിച്ച് കൊണ്ട് വരികയും ചെയ്യുക. ഇതിൽ കഷണ്ടിയുള്ളവനും മുടിയുള്ളവനും തമ്മിൽ വ്യത്യാസമില്ല.







8 **ഇരു ചെവികളും തടവുക:** തല തടവിയ കൈകൾ കൊണ്ട് തന്നെ ചെവികളും തടവുക (വേറെ വെള്ളം എടുക്കേണ്ടതില്ല). ചൂണ്ട് വിരൽ ചെവിക്കകത്ത് പ്രവേശിപ്പിച്ച് കൊണ്ട് അത് കൊണ്ട് ഉൾഭാഗവും ചൂണ്ട് വിരൽ കൊണ്ട് പുറം ഭാഗവും തടവുന്നതാണ് ചെവികൾ തടവുന്നതിന്റെ രൂപം. അങ്ങനെ ചെവിയുടെ ഉൾഭാഗവും പുറംഭാഗവും നമ്മൾ തടവണം.

തലയും ചെവികളും ഒരു പ്രാവശ്യമാണ് തടവേണ്ടത്.









9

**കാലുകൾ കഴുകുക:** വലത് കാൽ കൊണ്ട് ആരംഭിക്കുക. കാൽ വിരലുകളുടെ അറ്റം മുതൽ നെരിയാണി (കാലിന്റെ വശങ്ങളിൽ കാൽപാദവും കണങ്കാലും വേർതിരിയുന്ന സ്ഥലത്തുള്ള എല്ലുകളാണിത്) വരെയാണ് കഴുകേണ്ടത്. കാൽ വിരലുകൾ ചിക്കകറ്റി കഴുകേണ്ടതും മടമ്പുകളും (കാൽപാദത്തിന്റെ പിൻഭാഗം) കാൽപാദത്തിന്റെ മുൻഭാഗവും കഴുകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. ശേഷം വലത് കാൽ കഴുകിയത് പോലെ തന്നെ ഇടത് കാലും കഴുകുക.







## 10 പ്രാർത്ഥനകളും ദിക്റുകളും: വുദുവിന് ശേഷം ഒരു മുസ്‌ലിമിന് താഴെ പറയുന്നവ ചൊല്ലൽ സുന്നത്താണ്:

أشْـهَدُ أنْ لا إلهَ إلَّا اللهُ وَحْدَهُ لا شَـرِيكَ لَهُ، وأشـهدُ أنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

(അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

ഇപ്രകാരം അധികരിപ്പിക്കാവുന്നതുമാണ്:

اللَّهُـمَّ اجْعَلْنِي مِنَ التَّوَّابِيـنَ، واجْعَلْني مِنَ المُتَطَهِّرِينَ.

(അല്ലാഹുവേ, ധാരാളമായി പശ്ചാത്തപിക്കുന്നവരിലും ശുചിത്വം പാലിക്കുന്നവരിലും എന്നെ നീ ചേർക്കേണമേ

അല്ലെങ്കിൽ:

سُـبْحانَكَ اللَّهُمَّ وبِحَمْدِكَ، أشْـهَدُ أنْ لا إلهَ إلاَّ أنْتَ، أسْـتَغْفِرُكَ وأتُوبُ إلَيْكَ.

(അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു, നീയല്ലാതെ ആരാധനക്കർഹനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും നിന്നോട് പാപമോചനം ചോദിക്കുകയും നിന്നിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുന്നു.

## ഉണർത്തലുകൾ:

1. തലയും ചെവിയും ഒരുമിച്ച് ഒറ്റ പ്രാവശ്യമായാണ് തടവേണ്ടത്. ബാക്കിയുള്ളവ മൂന്ന് പ്രാവശ്യം കഴുകണം. അതാണ് പൂർണമായ രൂപം. രണ്ട് പ്രാവശ്യവും കഴുകാം. എന്നാൽ നിർബന്ധമായും ഒരു തവണ കഴുകിയിരിക്കണം.
2. വുദുവിന്റെ അവയവങ്ങൾ ക്രമമായിട്ടാണ് കഴുകേണ്ടത്. ഒരവയവവും കഴുകുന്നത് അതിന്റെ സ്ഥാനത്ത് നിന്ന് മുന്തിച്ചോ പിന്തിച്ചോ ആകരുത്.
3. അവയവങ്ങൾ കഴുകുന്നതിൽ തുടർച്ചയും ആവശ്യമാണ്, ഒരവയവം കഴുകി കഴിഞ്ഞാൽ അധികം വൈകാതെ തന്നെ അടുത്ത അവയവത്തിലേക്ക് പോകേണ്ടതാണ്.

## എങ്ങനെയാണ് നാം ജനാബത്ത് കുളിക്കേണ്ടത്?

ജനാബത്ത് കുളി നിർബന്ധമായത്, പൂർണമായത് എന്നിങ്ങനെ രണ്ട് രൂപത്തിൽ നിർവഹിക്കാം; നിർബന്ധമായ രൂപം താഴെ പറയുന്നത് പോലെയാണ്:

1. വലിയ അശുദ്ധിയിൽ നിന്നും മോചിതനാകാൻ വേണ്ടി കുളിക്കുന്നു എന്ന് മനസ്സിൽ കരുതുക (നിയ്യത്ത്).
2. ശരീരം മുഴുവൻ വെള്ളം ഒഴിക്കുകയും ഒപ്പം വായ കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക.

എന്നാൽ പൂർണമായ രീതിയിൽ കുളിയുടെ നിർബന്ധ കാര്യങ്ങളും ഐച്ഛിക കാര്യങ്ങളും ഒരുമിച്ച് ചേരുന്നു, അവ താഴെ പറയും വിധമാണ്:

1. ഇരു കൈപ്പടങ്ങളും കഴുകുക.
2. ഗുഹ്യഭാഗത്ത് വെള്ളമൊഴിച്ച് ഇടത് കൈ കൊണ്ട് അവിടം കഴുകുക.
3. പൂർണമായി വുദൂ ചെയ്യുക, എന്നാൽ കാൽ കഴുകുന്നത് കുളിയുടെ അവസാനത്തിലേക്ക് പിന്തിപ്പിക്കാവുന്നതാണ്.
4. തല മൂന്ന് പ്രാവശ്യം കഴുകുക.
5. ഒരു സ്ത്രീ അവളുടെ മുടി മെടഞ്ഞ് കെട്ടിയിട്ടുണ്ടെങ്കിൽ, ആർത്തവ പ്രസവ രക്തങ്ങളിൽ നിന്ന് വിരമിച്ച ശേഷമോ വലിയ അശുദ്ധിയിൽ നിന്ന് മുക്തിക്കോ കുളിക്കുന്ന സമയത്ത് മുഴുവൻ മുടിയിലേക്കും തലയിലേക്കും വെള്ളം എത്തുമെങ്കിൽ അവൾ ആ മെടഞ്ഞത് അഴിക്കേണ്ടതില്ല.
6. ശരീരത്തിന്റെ വലത് ഭാഗം മുഴുവൻ കഴുകുക.
7. ശേഷം ശരീരത്തിന്റെ ഇടത് ഭാഗം മുഴുവൻ കഴുകുക.

## ശുദ്ധീകരണത്തിലെ സവിശേഷ അവസ്ഥകൾ:


തയമ്മും:

ഒരു മുസ്ലിമിന് യാത്രയിലും മറ്റും വെള്ളം കിട്ടാതിരിക്കുകയോ അല്ലെങ്കിൽ ഉള്ള വെള്ളം കുടിക്കാൻ മാത്രം തികയുന്ന അവസ്ഥയിലാവുകയോ രോഗം കാരണമോ മറ്റോ വെള്ളം ഉപയോഗിക്കാൻ കഴിയാതെ വരികയോ കഠിനമായ തണുപ്പ് അനുഭവപ്പെടുകയോ ഒക്കെ സംഭവിച്ചതിനാൽ വുദൂ ചെയ്യാനോ കുളിക്കാനോ വെള്ളം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വെള്ളത്തിന് പകരമായി മണ്ണ് ഉപയോഗിച്ച് ശുദ്ധിയാക്കുന്ന തയമ്മും എന്ന കർമം ഏർപ്പെടുത്തിയത് ഇസ്ലാമിലെ എളുപ്പത്തിന്റെ പ്രകട രൂപമാണ്.

എങ്ങനെയാണ് നാം തയമ്മും ചെയ്യേണ്ടത്?

തയമ്മും ചെയ്യുന്നുവെന്ന് മനസിൽ കരുതുക, ശേഷം നമ്മുടെ കൈകൾ കൊണ്ട് മണ്ണിൽ ഒരു പ്രാവശ്യം അടിക്കുക, ശേഷം ആ കൈകൾ കൊണ്ട് നമ്മുടെ മുഖം മുഴുവനും കൈപ്പത്തികളും തടവുക.

ചെറിയ അശുദ്ധി നീക്കാനും വലിയ അശുദ്ധി നീക്കാനുമുള്ള തയമ്മുമിന്റെ രൂപം ഒന്ന് തന്നെയാണ്. ശുദ്ധി ആവശ്യമായ മുഴുവൻ ആരാധനകളും തയമ്മുമിന് ശേഷം നടത്താവുന്നതാണ്. എന്നാൽ വെള്ളം ലഭിക്കുകയോ അത് ഉപയോഗിക്കുന്നതിനുള്ള തടസം നീങ്ങുകയോ ചെയ്താൽ അപ്പോൾ തയമ്മും നിഷ്ഫലമായി, പിന്നീട് വെള്ളം ഉപയോഗിച്ച് ശുദ്ധമാക്കൽ നമുക്ക് അനിവാര്യവുമാണ്.





## കാലുറകളിൽ തടവൽ:

ഒരാൾ ഷോക്സ്- ഷൂ പോലെയുള്ള കാലുറകൾ ധരിച്ചിട്ടുണ്ടെങ്കിൽ വുദുവിന്റെ സമയത്ത് അത് അഴിക്കൽ നിർബന്ധമില്ല, മറിച്ച് കൈകൾ നനച്ച് കൊണ്ട് ആ കാലുറകളുടെ പുറം ഭാഗം തടവിയാൽ മതിയാകും. എന്നാൽ അവൻ അവ ശുദ്ധിയോട് കൂടി അഥവാ കാൽ കഴുകി വുദു ചെയ്തതിന് ശേഷം ധരിച്ചതായിരിക്കണം. അല്ലാത്ത പക്ഷം വുദുവിന്റെ സമയത്ത് അവ അഴിക്കേണ്ടതാണ്.

താമസക്കാരന് ഒരു പകലും രാത്രിയും കാലുറകളിൽ തടവാം, എന്നാൽ യാത്രക്കാരന് മൂന്ന് പകലും അതിന്റെ രാത്രികളും കാലുറകളിൽ തടവാം.

**താമസക്കാരൻ:**

ഒരു പകലും രാത്രിയും കാലുറകളിൽ തടവാം.

**യാത്രക്കാരൻ:**

മൂന്ന് പകലും അതിന്റെ രാത്രികളും കാലുറകളിൽ തടവാം.



## ബാൻഡേജിൽ തടവൽ:

മുറിവോ പൊട്ടോ ഉള്ള ശരീര ഭാഗങ്ങളിൽ കെട്ടിവെക്കുന്ന ബാൻഡേജ് ആണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. വുദുവിന്റെ അവയവങ്ങളിൽ ഇത്തരത്തിലുള്ള ബാൻഡേജ് ഉണ്ടെങ്കിൽ അത് ആവശ്യമുള്ള കാലത്തോളം വുദുവിന്റെ സമയത്ത് അതിന്മേൽ നനഞ്ഞ കൈ കൊണ്ട് തടവിയാൽ മതിയാകും. ഇങ്ങനെ തടവുന്നതിന് അത് ശുദ്ധിയുള്ള അവസ്ഥയിൽ ധരിച്ചതായിരിക്കണമെന്ന നിബന്ധനയില്ല.


വുദുവിന്റെ അവയവങ്ങളിൽ ബാൻഡേജ് ഇല്ലാതെ പ്രത്യക്ഷമാകുന്ന ഭാഗങ്ങളുണ്ടെങ്കിൽ അവയിൽ കഴുകുകയും ബാൻഡേജ് ഉള്ള ഭാഗം തടവുകയുമാണ് വേണ്ടത്.

# ഉപസംഹാരം:

വുദു, കുളി, തയമ്മും തുടങ്ങിയവയെ കുറിച്ചുള്ള കൽപന ഉള്ള ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പറഞ്ഞു: "നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം." (സൂ. മാഇദ 6).

ആശയം: നിങ്ങളുടെ മേൽ നിർബന്ധമാക്കിയ നമസ്കാരത്തിന് ഉദ്ദേശിക്കുന്ന സമയത്ത് ഉള്ള വുദു, വലിയ അശുദ്ധി ആയതിന് ശേഷമുള്ള കുളി, സവിശേഷ സാഹചര്യങ്ങളിലെ തയമ്മും എന്നിവ കൊണ്ടൊന്നും അല്ലാഹു (നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന്) ഉദ്ദേശിക്കുന്നില്ല. അഥവാ പ്രയാസമോ വിഷമമോ ഒന്നും ഉദ്ദേശിക്കുന്നില്ല. എന്നാൽ അവ മുഖേനെ നിങ്ങളെ ശുദ്ധീകരിക്കണമെന്നാണ് അവൻ ഉദ്ദേശിക്കുന്നത്. അതായത്: നിങ്ങളെ ഭൗതികവും ആത്മീയവുമായ മാലിന്യങ്ങളിൽ നിന്ന് ശുദ്ധമാക്കാനും നിങ്ങളിൽ ഉള്ള തിന്മകളെയും മാലിന്യങ്ങളെയും നീക്കി കളയാനുമാണ് അവൻ ഉദ്ദേശിക്കുന്നത്. (തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും) അഥവാ: വിശ്വാസികളേ നിങ്ങൾക്ക് നിയമമാക്കപ്പെട്ട ഈ ലഘുവായ വിധി വിലക്കുകളിലൂടെ, മഹത്തായ സംസ്കാരത്തിലൂടെ, ഉന്നതമായ ഉത്തരവാദിത്തത്തിലൂടെ നിങ്ങളുടെ മേലുള്ള അവന്റെ അനുഗ്രഹങ്ങൾ പൂർത്തീകരിക്കാനുമാണ് അവൻ ഉദ്ദേശിക്കുന്നത്. അതെന്തിന് വേണ്ടിയാണെന്ന് വെച്ചാൽ അവന്റെ അനുഗ്രഹങ്ങൾക്കും നന്മകൾക്കും മതനിയമങ്ങൾക്കും നിങ്ങൾ നന്ദി ചെയ്യാൻ വേണ്ടിയാണ്. നിങ്ങൾ എപ്പോഴെല്ലാം അവനോട് നന്ദി കാണിക്കുന്നുവോ അപ്പോഴെല്ലാം അവന്റെ ഔദാര്യവും അനുഗ്രഹവും അവൻ നിങ്ങൾക്ക് വർധിപ്പിച്ച് തരും.

അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ. അവന്റെ ദൂതനും പ്രവാചകനുമായ മുഹമ്മദ് നബി(സ)യുടെ മേൽ അവനിൽ നിന്നുള്ള അനുഗ്രഹവും സമാധാനവും സദാ വർഷിക്കുമാറാകട്ടെ.





# മൂല്യ നിർണയ ചോദ്യങ്ങൾ

**1** ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക:

- [ ] ഇസ്‌ലാമിലെ ശുദ്ധി വസ്ത്രം, ശരീരം, സ്ഥലം എന്നിവയിൽ പരിമിതമാണ്.
- [ ] ഒരു ദാസന്റെ കണ്ണുകളും കരങ്ങളും കാലുകളും ചെയ്ത തെറ്റുകൾ വുദുവിലൂടെ ശുദ്ധീകരിക്കപ്പെടുന്നു.
- [ ] ആർത്തവ കാരിക്ക് നോമ്പ് എടുക്കേണ്ടതില്ലെങ്കിലും അവൾ നമസ്കരിക്കണം.
- [ ] വായിൽ വെള്ളമെടുത്ത് ചലിപ്പിച്ച ശേഷം അത് തുപ്പി കളയുന്നതിന് ഇസ്തിൻഷാഖ് എന്ന് പറയുന്നു.
- [ ] വായ കൊപ്ലിക്കുന്നതിനും മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നതിനുമായി ഒരു കൈക്കുമ്പിൾ വെള്ളമെടുക്കുന്ന രീതി, വസ്ൽ അനുവദനീയമല്ല.
- [ ] മുഖം കഴുകുമ്പോൾ നെറ്റി കഴുകേണ്ടതില്ല.
- [ ] വളരെ വ്യാപകമായ തെറ്റുകളിൽ പെട്ടതാണ് വുദു ചെയ്യുന്ന വ്യക്തി കാലിന്റെ പിൻഭാഗം കഴുകാൻ മറക്കുന്നു എന്നത്.
- [ ] ജനാബത്ത് കുളിയുടെ നിർബന്ധമായ രൂപമാണ് ശരീരം മുഴുവൻ വെള്ളം ഒഴിക്കുകയും ഒപ്പം വായ കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക എന്നത്.
- [ ] ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധമാകാനുള്ള തയമ്മുമിന്റെ രൂപവും വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധമാകാനുള്ള തയമ്മുമിന്റെ രൂപവും വ്യത്യസ്തമാണ്.
- [ ] കാലുറകൾ ശുദ്ധമായ അവസ്ഥയിൽ ധരിച്ചിരിക്കണമെന്നത് അവയിൽ തടവാനുള്ള നിബന്ധനയിൽ പെട്ടതാണ്.
- [ ] ബാൻഡേജുകളുടെ മേൽ അവയുടെ ആവശ്യം കഴിയുന്ന കാലം വരെ തടവൽ അനുവദനീയമാണ്.

**2** നമസ്കാരത്തിന് വുദു നിർബന്ധമാണെന്നതിന് തെളിവ് പറയുക?

..............................................................................................................

..............................................................................................................

**3** ഒരു മുസ്‌ലിം മറന്ന് കൊണ്ട് വുദുവില്ലാതെ നമസ്കരിച്ചാൽ അവന്റെ നമസ്കാരം:

☐ ശരിയാണ് ☐ നിഷ്ഫലമാണ്

**4** ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

1. ശുദ്ധീകരണം നിർബന്ധമായ സന്ദർഭങ്ങളിൽ പെട്ടതാണ്:

☐ നോമ്പ് ☐ നമസ്കാരം ☐ ദിക്ർ ചൊല്ലൽ

2. മലമൂത്ര വിസർജ്ജന ഭാഗം കല്ല് കൊണ്ടോ പേപ്പർ കൊണ്ടോ തുടക്കുന്നതിന് പറയുന്ന പേരാണ്?

☐ ഇസ്തിൻജാഅ് ☐ ഇസ്തിജ്മാറ്

☐ ഇസ്തിൻസാറ്

# മൂല്യ നിർണയ ചോദ്യങ്ങൾ

**5** വുദുവിന്റെ ശ്രേഷ്ഠതകളിൽ പെട്ട മൂന്ന് കാര്യങ്ങൾ പറയുക:

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

**6** താഴെ കൊടുത്തവയിൽ വിട്ട ഭാഗം പൂരിപ്പിക്കുക:

1. നമസ്കരിക്കുന്നവൻ നമസ്കാരത്തിന് മുമ്പായി ........................................... ൽ നിന്നും ............................................................ ൽ നിന്നും ശുദ്ധമായിരിക്കണം.
2. മല മൂത്ര വിസർജ്ജന മര്യാദകളിൽ പെട്ടതാണ് ............................................. ഉം ................................................................................ ഉം.
3. നാം ............................................................... എന്ന് പറഞ്ഞു കൊണ്ട് നമ്മുടെ വുദു ആരംഭിക്കുകയും ശേഷം സാധ്യമാകുമെങ്കിൽ .................................... ഉപയോഗിച്ച് വായ വൃത്തിയാക്കുകയും ചെയ്യുന്നു.
4. താമസക്കാരന് കാലുറകളിൽ തടവാനുള്ള സമയ പരിധി ................................ ........................................ ഉം യാത്രക്കാരന് ......................................... മാണ്.

**7** ഇസ്‌ലാം ശാരീരികവും ആത്മീയവുമായ ശുചീകരണം മുന്നോട്ട് വെക്കുന്നു; അവയോരോന്നിനും ഉദാഹരണങ്ങൾ കണ്ടെത്തുക.

..........................................................................................................................................

..........................................................................................................................................

8 എന്താണ് മാലിന്യം (നജസ്) ?

..........................................................................................................................................

..........................................................................................................................................

9 മൂക്കിൽ വെള്ളം കയറ്റലും ചീറ്റലും തമ്മിലുള്ള വ്യത്യാസമെന്താണ്?

..........................................................................................................................................

..........................................................................................................................................

10 വുദുവിന് ശേഷമുള്ള പ്രാർത്ഥന നിങ്ങൾ മനഃപാഠമാക്കിയോ? പ്രാർത്ഥന പറയുക.

..........................................................................................................................................

..........................................................................................................................................

11 കുളിയുടെ പൂർണമായ രൂപം പറയുക?

..........................................................................................................................................

..........................................................................................................................................

12 നമസ്കാരത്തിന് സമയമായി, എന്നാൽ വെള്ളം ലഭ്യവുമല്ല. നിങ്ങൾ എന്താണ് ചെയ്യുക?

..........................................................................................................................................

..........................................................................................................................................

# വുദു ഇസ്‌ലാമിന്റെ മഹത്തായ ചിഹ്നം

ഇസ്‌ലാമിന്റെ ചിഹ്നങ്ങളിൽ പെട്ട മഹത്തായ ചിഹ്നവും തെറ്റ് കുറ്റങ്ങളിൽ നിന്ന് ശുദ്ധിയാകാനുള്ള മാർഗവും നാളെ അതിന്റെ ഫലമായി കൈ കാൽ മുഖം വെളുത്തവരായി മുസ്‌ലിമിനെ പരലോകത്ത് ഉയർത്തി എഴുന്നേൽപിക്കപ്പെടാൻ കാരണമാകുന്ന കർമവുമാണ് വുദു എന്നതിനെ കുറിച്ച് ഒരു മുസ്‌ലിം അജ്ഞനാകരുത്. കഴിവുള്ളവർ അത് നിർവഹിക്കാതെ അവന്റെ നമസ്കാരം ശരിയാവുകയില്ലെന്നും ഒരു മുസ്‌ലിം അറിഞ്ഞിരിക്കണം. അതിനാൽ തന്നെ ഒരു മുസ്‌ലിം പഠിക്കാനും പഠിപ്പിക്കാനും ഏറെ ശ്രദ്ധ ചെലുത്തേണ്ട മഹത്തായ ഒരു കാര്യമാണിത്.

ഈ ലഘു കൃതിയിൽ ശുദ്ധി, വുദു എന്നിവയെക്കുറിച്ചും അവയുടെ രൂപത്തെ കുറിച്ചും നിങ്ങൾക്ക് ബാർകോഡ് സ്കാൻ ചെയ്ത് വുദുവിന്റെ രൂപം നോക്കിക്കണ്ട് മനസ്സിലാക്കാൻ കഴിയുന്ന രൂപത്തിൽ അവതരിപ്പിക്കാൻ ഞങ്ങൾ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.


يجوز
1:32 / 7:17

مركز أصول
OsoulCenter
www.osoulcenter.com

CHAT & DECIDE

വിവിധ ഭാഷകളിൽ ഇസ്‌ലാമിനെ
കുറിച്ച് ചർച്ച ചെയ്യുക

GUIDE TO ISLAM

ഇസ്‌ലാമിനെ കുറിച്ച്
കൂടുതൽ അറിയാൻ

Malayalam - المليبارية

ഇസ്‌ലാമിന്റെ ചിഹ്നങ്ങളിൽ പെട്ട മഹത്തായ ചിഹ്നവും തെറ്റ് കുറ്റങ്ങളിൽ നിന്ന് ശുദ്ധിയാകാനുള്ള മാർഗവും നാളെ അതിന്റെ ഫലമായി കൈ കാൽ മുഖം വെളുത്തവരായി മുസ്‌ലിമിനെ പരലോകത്ത് ഉയർത്തി എഴുന്നേല്പിക്കപ്പെടാൻ കാരണമാകുന്ന കർമവുമാണ് വുദു എന്നതിനെ കുറിച്ച് ഒരു മുസ്‌ലിം അജ്ഞനാകരുത്. കഴിവുള്ളവർ അത് നിർവഹിക്കാതെ അവന്റെ നമസ്കാരം ശരിയാവുകയില്ലെന്നും ഒരു മുസ്‌ലിം അറിഞ്ഞിരിക്കണം. അതിനാൽ തന്നെ ഒരു മുസ്‌ലിം പഠിക്കാനും പഠിപ്പിക്കാനും ഏറെ ശ്രദ്ധ ചെലുത്തേണ്ട മഹത്തായ ഒരു കാര്യമാണിത്.

ഈ ലഘു കൃതിയിൽ ശുദ്ധി, വുദു എന്നിവയെക്കുറിച്ചും അവയുടെ രൂപത്തെ കുറിച്ചും നിങ്ങൾക്കണ്ട് ബാർകോഡ് സ്കാൻ ചെയ്ത് വുദുവിന്റെ രൂപം നോക്കിക്ക് മനസ്സിലാക്കാൻ കഴിയുന്ന രൂപത്തിൽ അവതരിപ്പിക്കാൻ ഞങ്ങൾ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.


9001

osoulcenter

www.osoulcontent.org.sa

ഉസൂൽ സ്റ്റോറിൽ നിന്നും ഈ പുസ്തകമോ
മറ്റ് പുസ്തകങ്ങളോ ഡൗൺലോഡ് ചെയ്യാൻ:

OSOUL STORE

osoulstore.com